# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:67 — 20.03.2013 - ൽ മറുപടിക്ക്

## കേരള വാട്ടർ അതോറിറ്റിയുടെ പ്ലാന്റുകളിൽ നിന്നുളള കുടിവെളളവില്പന

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ പി. തിലോത്തമൻ<br>ശ്രീ ഇ. ചന്ദ്രശേഖരൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയുടെ പ്ലാന്റുകളിൽ നിന്ന് കുടിവെളളം വില്പന നടത്തുന്നുണ്ടോ; എങ്കിൽ ഒരു ടാങ്കർ ലോറി കുടിവെളളത്തിന് എന്തു തുകയാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കേരള വാട്ടർ അതോറിറ്റിയുടെ പ്ലാന്റുകളിൽ നിന്ന് കുടിവെളളം ടാങ്കർ ലോറികളിൽ കൂടി വില്പന നടത്തുന്നുണ്ട്. ഒരു കിലോ ലിറ്റർ ജലത്തിന് അതോറിറ്റി അംഗീകരിച്ച നിരക്കായ 30/- രൂപ ഈടാക്കിയാണ് ജലം വിൽക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുളള ടാങ്കർ ലോറികളിൽ കൂടി നൽകുന്ന ജലത്തിന് ജലത്തിന്റെ വില കൂടാതെ ജലം എത്തിക്കേണ്ട സ്ഥലത്തിന്റെ ദൂരത്തിനനുസരിച്ച് മിതമായ നിരക്കിൽ വാഹനവാടകയും ഈടാക്കാറുണ്ട്. |
| (ബി) അരുവിക്കരയിലെ വാട്ടർ അതോറിറ്റി പ്ലാന്റിൽ നിന്ന് കുടിവെളളം വാങ്ങുന്ന സ്വകാര്യ ടാങ്കർ ലോറി ഉടമകൾ കൂടിയ വിലയ്ക്ക് കുടിവെളളം മറിച്ചു വില്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ജല അതോറിറ്റി നൽകുന്ന കുടിവെളളം സ്വകാര്യ ടാങ്കർ ലോറി ഉടമകൾ മറിച്ചു വിൽക്കുന്നതായി മാധ്യമങ്ങളിൽക്കൂടി അറിയുന്നുണ്ടെങ്കിലും, അപ്രകാരമുളള പരാതി ലഭിച്ചിട്ടുളളതായി കാണുന്നില്ല. |
| (സി) സ്വകാര്യ ടാങ്കർ ലോറി ഉടമകൾ എന്ത് ആവശ്യത്തിനാണ് പ്ലാന്റിൽ നിന്ന് കുടിവെളളം വാങ്ങുന്നതെന്ന് അതോറിറ്റിയെ ബോദ്ധ്യപ്പെടുത്താറു ണ്ടോ; | (സി) സ്വകാര്യ ടാങ്കർ ലോറി ഉടമകൾ ഹാജരാക്കുന്ന ഗുണഭോക്താവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പ്ലാന്റിൽ നിന്നും സ്വകാര്യ ടാങ്കർ ലോറികൾക്ക് കുടിവെളളം വിൽക്കുന്നത്. ആശുപത്രികൾ, ഹോട്ടലുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയാണ് പ്രധാന ഗുണഭോക്താക്കൾ. |
| (ഡി) സ്വകാര്യ ടാങ്കർ ഉടമകൾക്ക് വില്പന നടത്തുന്നതിനായി കുടിവെളളം വില്ക്കാൻ വാട്ടർ അതോറിറ്റിയിൽ വ്യവസ്ഥയുണ്ടോ; | (ഡി) ജലദൗർലഭ്യം അനുഭവപ്പെടുന്ന ചില പ്രദേശങ്ങളിൽ ഉളള ഗുണഭോക്താക്കളുടെ സൗകര്യാർത്ഥവും ചില പ്രത്യേക സാഹചര്യങ്ങളിൽ ജലം വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകതയും പരിഗണിച്ചാണ് ഇപ്രകാരമൊരു സജ്ജീകരണം അതോറിറ്റി ചെയ്തു വരുന്നത്. |

.......................2

| | | | |
|---|---|---|---|
| (ഇ) | സ്വകാര്യ ടാങ്കറുകൾ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഇ) | വാട്ടർ അതോറിറ്റിയുടെ ഫില്ലിംഗ് പോയിന്റിൽ നിന്നും ടാങ്കർ ലോറി മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം അതോറിറ്റി ഉറപ്പാക്കിയിട്ടുണ്ട്. മറ്റു സ്രോതസ്സുകളിൽ നിന്നും ശേഖരിച്ച്, ടാങ്കറുകൾ മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവവാരം പരിശോധിക്കുവാനുള്ള ഏതെങ്കിലും സംവിധാനമോ അധികാരമോ ജലവിഭവ വകുപ്പിൽ നിക്ഷിപ്തമല്ല.<br>കേരള വാട്ടർ അതോറിറ്റി ഒഴികെയുള്ള കുടിവെള്ള സ്രോതസ്സുകൾക്ക് എഫ്ബിഒ ലൈസൻസ് ഉണ്ടായിരിക്കണമെന്നും കുടിവെള്ള സ്രോതസ്സുകളിലെ ജലം 6 മാസത്തിലൊരിക്കൽ സർക്കാർ ലാബുകളിലോ NABL accredited ലാബുകളിലോ പരിശോധിച്ച് ശുദ്ധമാണെന്നുറപ്പ് വരുത്തുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷിച്ചിരിക്കണമെന്നും നിർദ്ദേശിച്ചു കൊണ്ട് സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണർ 11.01.2013-ലെ എ-1/2013/സി.എഫ്.എസ് നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (എഫ്) | കുടിവെള്ള വിതരണം നടത്തുന്നതിന് സ്വകാര്യ ടാങ്കറുകൾക്ക് അംഗീകാരം നൽകുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര സ്വകാര്യ ടാങ്കറുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വ്യവസ്ഥകൾ എന്തെല്ലാമെന്നറിയിക്കുമോ ; | (എഫ്) | കുടിവെള്ള വിതരണം നടത്തുന്നതിന് സ്വകാര്യ ടാങ്കറുകൾക്ക് അംഗീകാരം ജലവിഭവ വകുപ്പിൽ നിന്നും നൽകുന്നതിനുള്ള വ്യവസ്ഥകൾ നിലവിലില്ല. ജലഅതോറിറ്റി സ്വകാര്യ ടാങ്കറുകൾക്ക് അംഗീകാരം നൽകിയിട്ടില്ല.<br>എന്നാൽ സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ 11.01.2013-ലെ എ-1/2013/ സി.എഫ്.എസ് നമ്പർ ഉത്തരവ് പ്രകാരം ഇത് സംബന്ധിച്ച മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ജി) | അംഗീകാരമില്ലാതെയും ഗുണനിലവാരമില്ലാതെയും കുടിവെള്ളം ടാങ്കറുകളിൽ വിതരണം ചെയ്യുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ? | (ജി) | അംഗീകാരമില്ലാതെയും ഗുണനിലവാരമില്ലാതെയും കുടിവെള്ളം ടാങ്കറുകളിൽ വിതരണം ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാനുള്ള അധികാരം ജലവിഭവ വകുപ്പിൽ നിക്ഷിപ്തമല്ല.<br>എന്നിരുന്നാലും ടാങ്കർ ലോറി വഴി കുടിവെള്ളം വിതരണം ചെയ്യുന്നവർ സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കാലാകാലങ്ങളിലുള്ള ഉത്തരവുകൾ പാലിക്കാൻ ബാധ്യസ്ഥരാണ്. |

സെക്ഷൻ ഓഫീസർ